"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് ജില്ല - നടുവത്തൂർ വാസുദേവാശ്രമ ഹയർസെക്കന്ററി സ്‌ക്കൂളിലെ എച്ച്. എസ്. എസ്. ടി (ജൂനിയർ) മാരായ ശ്രീ. രാജേഷ് കിഴക്കേമാലോൽ, ശ്രീമതി. സിന്ധു വി കെ. എന്നിവർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള **23201/2025** -ാം നമ്പർ റിട്ട് ഹർ ജിയിന്മേലുള്ള **24.06.2025** ലെ വിധിന്യായം പാലിച്ച്- ഉത്തവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.**21/2026/GEDN** തീയതി,തിരുവനന്തപുരം, **01-01-2026**

---

പരാമർശം:-

1. കോഴിക്കോട് ജില്ലയിലെ നടുവത്തൂർ വാസുദേവാശ്രമ ഹയർസെക്കന്ററി സ്‌ക്കൂളിലെ എച്ച്.എസ്.എസ്.ടി (ജൂനിയർ) മാരായ ശ്രീ. രാജേഷ് കിഴക്കേമാലോൽ, ശ്രീമതി. സിന്ധു വി കെ. എന്നിവർ സമർപ്പിച്ച **30/4/2025** ലെ റിവിഷൻ പെറ്റീഷൻ. (എക്സിബിറ്റ് പി**10**)
2. കോഴിക്കോട് നടുവത്തൂർ വാസുദേവാശ്രമ ഹയർസെക്കന്ററി സ്‌ക്കൂളിൽ എച്ച്.എസ്.എസ്.ടി (ജൂനിയർ) മാരായ ശ്രീ. രാജേഷ് കിഴക്കേമാലോൽ, ശ്രീമതി. സിന്ധു വി കെ. എന്നിവർ ചേർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത **23201/2025** -ാം നമ്പർ റിട്ട് ഹർജിയിന്മേലുള്ള **24.06.2025** ലെ വിധിന്യായം.
3. ഹയർ സെക്കന്ററി കോഴിക്കോട് മേഖലാ ഉപ മേധാവിയുടെ **3/11/2025** ലെ **RDDHSE/KKD/2635/2025/A2** നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കന്ററി) **4/11/2025** ലെ **AcdC3/23214/2025/DGE/HSE** നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് നടുവത്തൂർ വാസുദേവാശ്രമ ഹയർസെക്കന്ററി സ്‌ക്കൂളിൽ എച്ച്.എസ്.എസ്.ടി(ജൂനിയർ) മാരായ ശ്രീ. രാജേഷ് കിഴക്കേമാലോൽ, ശ്രീമതി. സിന്ധു വി കെ. എന്നിവർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത **23201/2025** -ാം നമ്പർ റിട്ട് ഹർജിയിന്മേലുള്ള **24.06.2025** ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയത് പ്രകാരം ഹർജിക്കാരേയും മറ്റ് ബന്ധപ്പെട്ട കക്ഷികളേയും **11.11.2025** ന് കേൾക്കുകയുണ്ടായി.

**(2) (എ) ശ്രീ. രാജേഷ് കിഴക്കേമൊലോലിന്റെ വാദങ്ങൾ:-**

20/7/2010ലെ സ:ഉ (കൈ) നം.128/2010/പൊ.വി.വ പ്രകാരം ശ്രീവാസുദേവാശ്രമം എച്ച്.എസ്.എസിൽ ഹയർ സെക്കൻ്ററി ബാച്ചുകൾ അനുവദിക്കുകയുണ്ടായി. 2011 വർഷം ജൂൺ മുതൽ കോഴ്സുകൾ ആരംഭിക്കുകയും ചെയ്തു. 27-06-2011 മുതൽ എച്ച്.എസ്.എസ്.ടി. ജൂനിയൽ സുവോളജി (ഗസ്റ്റ്)അദ്ധ്യാപകനായി താൻ സേവനം ചെയ്തുവരികയാണ്. ആയതിനാൽ 27/06/2011 മുതലുള്ള നിയമനം അംഗീകരിച്ചു തരണമെന്ന് അപേക്ഷിക്കുന്നു.

**(ബി) ശ്രീമതി. സിന്ധു വി. കെ യുടെ വാദങ്ങൾ:-**

20/7/2010 ലെ സ:ഉ(കൈ) നം.128/2010/പൊ.വി.വ പ്രകാരം ശ്രീവാസുദേവാശ്രമം എച്ച് എസ് എസിൽ ഹയർസെക്കണ്ടറി ബാച്ചുകൾ അനുവദിക്കുകയുണ്ടായി. 2011 വർഷം ജൂൺ 27 മുതൽ കോഴ്സുകൾ ആരംഭിക്കുകയും ചെയ്തു. 27/06/2011 മുതൽ എച്ച്.എസ്.എസ്.ടി ജൂനിയർ ബോട്ടണി(ഗസ്റ്റ്) അധ്യാപികയായി താൻ സേവനം ചെയ്തുവരികയാണ്. ആയതിനാൽ 27/06/2011 മുതലുള്ള നിയമനം അംഗീകരിച്ചു തരണമെന്ന് അപേക്ഷിക്കുന്നു.

**(3) മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദങ്ങൾ, ഹാജരാക്കപ്പെട്ട രേഖകൾ, ലഭ്യമായ റിപ്പോർട്ടുകൾ ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.**

കോഴിക്കോട് ജില്ലയിൽ നടുവത്തൂർ ഹയർസെക്കൻ്ററി സ്ക്കൂളിൽ എച്ച്.എസ്.എസ്.ടി (ജൂനിയർ)മാരായ ശ്രീ. രാജേഷ് കിഴക്കേമൊലോൽ ശ്രീമതി. സിന്ധു വി കെ എന്നിവരുടെ 27.6.2011 മുതലുള്ള നിയമനം അംഗീകരിച്ചു നൽകണമെന്നതാണ് Ext. P10 റിവിഷൻ ഹർജിയിലെ ആവശ്യം.

ശ്രീ വാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂളിന്റെ മാനേജർ 2015 ഡിസംബറിൽ മരണപ്പെട്ടതിനെ തുടർന്ന് ടി സ്കൂളിൽ മാനേജ്മെന്റ് തർക്കം നിലനിൽക്കുകയും ദീർഘകാലം മാനേജർ ഇല്ലാതിരിക്കുകയും നിലവിൽ ശ്രീ വാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂൾ സർക്കാർ ഏറ്റെടുത്തിട്ടുള്ളതുമാണ്.
ശ്രീ വാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂളിൽ സ.ഉ (കൈ) നം. 128/2010/പൊ.വി.വ തീയതി 20-7-2010 പ്രകാരം 2010-11 അധ്യായന വർഷത്തിൽ രണ്ട് പുതിയ പ്ലസ്ടു ബാച്ചുകൾ (കോഡ് നം. 01, സയൻസ്, കോഡ് നം 10 ഹ്യൂമാനിറ്റീസ്) എന്നിവ അനുവദിച്ച് ഉത്തരവായി. ടി ബാച്ചുകളിലേക്കുള്ള തസ്തികകൾ 23/7/2013 ലെ സ.ഉ (എം.എസ്) നം 217/2013/പൊ.വി.വ ഉത്തരവ് പ്രകാരം 23-2-2013 പ്രാബല്യത്തിൽ സൃഷ്ടിച്ച് ഉത്തരവായിട്ടുള്ളതാണ്.

പ്രസ്തുത സ്കൂളിൽ ബാച്ചുകൾ അനുവദിച്ച് സ്കൂൾ പ്രവർത്തിച്ച് വരുന്നത് മുതൽ നിയമനാംഗീകാരവും എല്ലാ ആനുകൂല്യങ്ങളും അനുവദിക്കണമെന്നാണ് ഹർജിക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ തസ്തിക സൃഷ്ടിക്കാത്ത സാഹചര്യത്തിൽ മാനേജർക്ക് നിയമനം നടത്താൻ ചട്ടപ്രകാരം അവകാശമില്ല. കൂടാതെ ടി സ്കൂളിൽ കെ.ഇ.ആർ അധ്യായം 32 പ്രകാരം ഹൈസ്കൂൾ വിഭാഗത്തിൽ നിന്നും തസ്തികമാറ്റം നിയമനം നടത്താതെ നേരിട്ടുള്ള നിയമനം നടത്തിയതിനാൽ ദിനേഷ് കെ.ആർ എന്ന അധ്യാപകൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 2315/2014 മേലുള്ള 3-8-2015 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റ നിയമനം നടത്തുന്നതിന് കോഴിക്കോട് ആർ ഡി ഡി യുടെ 18/9/2015 ലെ എ5/ 739/2014/ kids നമ്പർ കത്ത് പ്രകാരം മാനേജർക്ക് നിർദ്ദേശം നൽകിയെങ്കിലും ആയത് നടപ്പിലാക്കാൻ മാനേജർ തയ്യാറായിരുന്നില്ല. ടി സ്കൂളിൽ തസ്തികമാറ്റം വഴി ഹൈസ്കൂൾ വിഭാഗത്തിൽ നിന്നും നിയമനം നടത്തിയ ഏക അധ്യാപകന്റെ നിയമനം ശ്രീ ശ്യാംലാൽ എച്ച്.എസ്.എസ്.ടി ജൂനിയർ ഇംഗ്ലീഷ് അധ്യാപകന്റെ മാത്രമാണ്. ആയതിനാൽ ടി സ്കൂളിൽ എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികയിൽ 25% തസ്തികമാറ്റം നിയമനം നൽകിയ 3-12-2013 ന് മുന്നോടിയായി ഹർജിക്കാരുടെ നിയമനം മുൻകാല പ്രാബല്യത്തിൽ അനുവദിക്കണമെന്ന് പറയുന്നത് കെ.ഇ.ആർ അധ്യായം 32 ലെ റൂൾ 4 ന് വിരുദ്ധമാണ്.

ടി അധ്യാപകർക്ക് 03-6-2013 മുതൽ സ്കെയിൽ ഓഫ് പേയിൽ ബന്ധപ്പെട്ട സ്കൂൾ മാനേജർ നിയമനം നൽകുകയും ആയത് അംഗീകരിച്ച് നൽകിയിട്ടുള്ളതുമാണ്. ടിയാളുകളുടെ ഗസ്റ്റ് പീരീഡ് റെഗുലറൈസ് ചെയ്ത് ഈ കാലയളവിലെ ഗസ്റ്റ് പീരീഡ് റെഗുലർ സർവീസ് ആയി പരിഗണിച്ച് നിയമനാംഗീകാരവും എല്ലാ സർവ്വീസ് നേട്ടങ്ങളും അനുവദിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നത് പരിഗണിക്കാൻ കഴിയില്ല. KER അധ്യായം XXXII, ചട്ടം 3 പ്രകാരം എല്ലാ നിയമനങ്ങളും സർക്കാർ പ്രതിനിധി ഉൾപ്പെടുന്ന സെലക്ഷൻ കമ്മറ്റി വഴി മാത്രമെ നടത്താവു എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ടി അദ്ധ്യാപകരെ റഗുലർ നിയമനത്തിന് സർക്കാർ പ്രതിനിധി ഉൾപ്പെട്ട സെലക്ഷൻ കമ്മറ്റി തെരെഞ്ഞെടുത്തിരിക്കുന്നത് 24-8-2012 നാണെന്ന് കാണുന്നു. പ്രസ്തുത ചട്ടത്തിന് വിരുദ്ധമായി ടിയാളുകളുടെ ദിവസ വേതന കാലയളവ് റഗുലർ സർവീസായി പരിഗണിച്ച് എല്ലാ ആനുകല്യങ്ങളും നൽകണം എന്നുള്ള വാദം താഴെ പറയുന്ന കാരണങ്ങളാൽ അംഗീകരിക്കാൻ കഴിയില്ല.

1. ഹർജിക്കാരെ റഗുലർ നിയമനത്തിന് മുമ്പായി ദിവസ വേതന അധ്യാപകരായി നിയമിച്ചതിന് നിയമന ഉത്തരവ് ഉൾപ്പെടെ യാതൊന്നും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ മാനേജർ ഹാജരാക്കിയിരുന്നില്ല.

2. 24-8-2012 ന് മുമ്പ് ടിയാളുകളെ KER അധ്യായം XXXII, ചട്ടം 3 പ്രകാരം സർക്കാർ പ്രതിനിധി ഉൾപ്പെടുന്ന സെലക്ഷൻ കമ്മറ്റി വഴി തെരെഞ്ഞെടുത്ത് മാനേജർ നിയമനം നടത്തിയിട്ടില്ല.

3. സർക്കാർ ഔദ്യോഗികമായി അംഗീകരിക്കുന്ന തീയതി മുമ്പ് ശമ്പളം, സർവീസ് ബിനിഫിറ്റ്, പെൻഷൻ എന്നിവയ്ക്ക് അവകാശമില്ല.

4. ഹർജിക്കാർക്ക് കഴിഞ്ഞ പതിനഞ്ച് വർഷത്തിലധികമായി ശമ്പളവും സേവന ആനുകൂല്യങ്ങളും ലഭിക്കുന്നു. പതിനഞ്ച് വർഷത്തിനുശേഷമാണ് 2025 ൽ കോടതിയെ സമീപിച്ചിരിക്കുന്നത്. ആയതിനാൽ ടിയാളുകൾക്ക് നിയമപരമായോ ന്യായമായോ യാതൊരു പരിഗണനയ്ക്കും അവകാശമില്ലെന്ന് കാണുന്നു. **(State of M.P. V. Nandlal Jaiswal, (1986) 4 SCC 566: State of Maharashtra v. Digambar, (1995) 4 SCC 683).**

5. ശ്രീമതി പ്രീത കെ ബഹു.ഹൈക്കോടതിയിൽ ഫയൽചെയ്ത റിട്ട് ഹർജി (സി) നം. 21365/2025 ന്മേലുള്ള 12/06/2025 ലെ വിധിന്യായം ഇപ്രകാരമാണ്. **now the petitioners have come after 14 long years seeking a writ of mandamus commanding the respondents to grant approval of their appointment w.e.f 24/08/2011, ie the initial appointment, that too as guest lectures when there were not even substantive posts existing. This kind of writ petition should be thrown out at the first hearing itself, and that is what is being done by this court. The writ petition lacks any merit and substance, and it also suffers from gross delay and laches. Therefore, the present writ petition is here by dismissed without cost'**

6. ഭാരതത്തിന്റെ ഭരണഘടനയിലെ അനുച്ഛേദം 14,16 പ്രകാരം സമാന യോഗ്യതയുള്ള എല്ലാ പൗരന്മാർക്കും സർക്കാർ സേവനത്തിൽ നിയമനത്തിനായി പരിഗണിക്കപ്പെടാനുള്ള തുല്യ അവകാശമുണ്ട്. സർക്കാർ ഫണ്ടിൽ നിന്നുള്ള വേതനം ലഭിക്കുന്ന ഏതൊരു പദവിയിലേക്കും നിയമനം സംസ്ഥാന സർക്കാർ അല്ലെങ്കിൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിക്കുന്ന നീതിപൂർണ്ണവും പരസ്യവുമായ തിരഞ്ഞെടുപ്പ് നടപടിക്രമം പാലിച്ച് നടത്തേണ്ടതാണ്.

7. സുപ്രീംകോടതി സ്റ്റേറ്റ് ഓഫ് കർണ്ണാടക vs ഉമാദേവി (2006) 4 SCC 1 എന്ന കേസിൽ ബാക്ക് ഡോർ നിയമനങ്ങൾ ഭരണഘടനാവിരുദ്ധമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേരള ഹൈക്കോടതി (sreekumar vs state of kerala 2012 (4) KLT 511) കേസിലും നടപടിക്രമം മറികടന്ന് നടത്തുന്ന നിയമനം ഭരണഘടനയിലെ അനുച്ഛേദം 14,16 നെ ലംഘിക്കുന്നതാണെന്ന് സ്ഥിരമായി വിധിച്ചിട്ടുണ്ട്. അതിനാൽ സെലക്ഷൻ കമ്മിറ്റി മുഖേനയല്ലാതെ ദിവസവേതനാടിസ്ഥനത്തിൽ മാനേജർ ടി അധ്യാപകരെ നിയമിച്ച കാലയളവ് ക്രമീകരിച്ച് നൽകുന്നത് ഭരണഘടനാ വിരുദ്ധവും അസാധുവുമാണ്.

(4) ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിച്ച സമയത്ത് സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നത് വരെ ദിവസവേതനാടിസ്ഥാനത്തിൽ ഗസ്റ്റ് ലക്ചറർമാരെ ഉപയോഗിച്ച് ക്ലാസ്സുകൾ നടത്തണമെന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു. **SLP(c)**

18120/2019 ബഹു.സുപ്രീം കോടതി കേസിലും അനുബന്ധ കേസുകളിലെയും വിധിക്കെതിരായി സർക്കാർ ഫയൽ ചെയ്യുന്ന പുനഃപരിശോധനാ ഹർജിക്ക് വിധേയമായി ഹർജിക്കാരുടെ നിയമനം, അവരവരുടെ നിയമന ഉത്തരവ് തീയതി മുതൽ അംഗീകരിച്ചു നൽകുന്നതിനും നിയമന തീയതി മുതൽ സീനിയോറിറ്റി അനുവദിച്ചു നൽകുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ശ്രീ. രാജേഷ് കിഴക്കേമാലോൽ, ശ്രീമതി. സിന്ധു വി. കെ എന്നിവർ SLP(c)No.18120/2019 ബഹു. സുപ്രീം കോടതി കേസിലും അനുബന്ധ കേസുകളിലും ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. SLP(c) No.18120/2019 ബഹു. സുപ്രീം കോടതി കേസിലും അനുബന്ധ കേസുകളിലും ഉൾപ്പെട്ടിട്ടുള്ള അധ്യാപകർക്ക് മാത്രമാണ് മേൽ ആനുകൂല്യം അനുവദിച്ചിട്ടുള്ളത്.

(5) മേൽ കാരണങ്ങളാൽ ഹർജിക്കാരുടെ ദിവസ വേതന കാലയളവ് റഗുലർ സർവ്വീസായി പരിഗണിച്ച് എല്ലാ ആനുകൂല്യങ്ങളും നൽകണമെന്നുള്ള ആവശ്യം പരിഗണിക്കുവാൻ കഴിയുന്നതല്ല. ഈ സാഹചര്യത്തിൽ Ext. P10 റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ട് 24.6.2025 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SWAPNA P**

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, കോഴിക്കോട്
മാനേജർ, വാസുദേവാശ്രമ ഹയർസെക്കന്ററി സ്കൂൾ, നടുവത്തൂർ, കോഴിക്കോട്
ശ്രീ. രാജേഷ് കിഴക്കേമാലോൽ, എച്ച്. എസ്. എസ്. ടി (ജൂനിയർ) സുവോളജി, വാസുദേവാശ്രമ ഹയർസെക്കന്ററി സ്കൂൾ, നടുവത്തൂർ, കോഴിക്കോട്
ശ്രീമതി. സിന്ധു വി കെ, എച്ച്. എസ്. എസ്. ടി (ജൂനിയർ) ബോട്ടണി, വാസുദേവാശ്രമ ഹയർസെക്കന്ററി സ്കൂൾ, നടുവത്തൂർ, കോഴിക്കോട്
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ്( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M
Date: 03-01-2026 16:40:10

സെക്ഷൻ ഓഫീസർ